"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഒഴിവുകളിൽ ഒരു സീനിയർ ഗവൺമെന്റ് പ്ലീഡറെയും, മൂന്ന് ഗവൺമെന്റ് പ്ലീഡർമാരെയും - നിയമിച്ച് ഉത്തരവാകുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.4/2024/LAW തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

1. 25-01-1978 തീയതിയിലെ സ.ഉ.(അച്ചടി) നം.11/78/നിയമം നമ്പർ ഉത്തരവ്.
2. 29-07-2021 തീയതിയിലെ സ.ഉ.(കൈ) നം.59/2021/നിയമം നമ്പർ ഉത്തരവ്.
3. 16-09-2021 തീയതിയിലെ സ.ഉ.(കൈ) നം.65/2021/നിയമം നമ്പർ ഉത്തരവ്.
4. 03/01/2024 തീയതിയിലെ സ.ഉ.(കൈ) 01/2024/നിയമം നമ്പർ ഉത്തരവ്.
5. അഡ്വക്കേറ്റ് ജനറലിന്റെ 26-12-2023 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതിയിൽ ഗവ. പ്ലീഡർമാരായി നിയമിതരായിരുന്ന അഡ്വ. ജേക്കബ് ഇ. സൈമൺ, അഡ്വ.ജോഷി താന്നിക്കമറ്റം, അഡ്വ.ജിമ്മി ജോർജ് എന്നീ അഭിഭാഷകരും പരാമർശം (3) ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവ. പ്ലീഡറായി നിയമിതനായ അഡ്വ. ജോബി ജോസഫ് എന്നീ അഭിഭാഷകനും രാജി സമർപ്പിച്ചിട്ടുള്ളതും ടിയാളുകളുടെ രാജി പരാമർശം (4) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ആയത് മൂലമുണ്ടായ ഒരു സീനിയർ ഗവ. പ്ലീഡറുടെ ഒഴിവിലേയ്ക്കും മൂന്ന് ഗവ. പ്ലീഡറുടെ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനായി ഒരു പാനൽ പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ള പാനലിൽ നിന്നും അഡ്വ. ഇ.ജി. ഗോർഡൻ, എഴുത്തായിക്കൽ ഹൗസ്, കുമ്പളങ്ങി. പി.ഒ., കൊച്ചി-7, എറണാകുളം ജില്ലയെ ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡറായും അഡ്വ. അജിത്ത് വിശ്വനാഥൻ, കാർത്തിക, അശോകാ റോഡ്, കലൂർ, കൊച്ചി -17, അഡ്വ. ബിനോയ് ഡേവിസ്, പല്ലത്ത് ഹൗസ്, വലിയ പല്ലംതുരുത്ത്, ചേന്ദമംഗലം പി.ഒ., നോർത്ത് പറവൂർ, എറണാകുളം, അഡ്വ. ടോണി അഗസ്റ്റിൻ, കലത്തറ ഹൗസ്, വടുതല, കൊച്ചി-23 എന്നീ അഭിഭാഷകരെ ബഹു. ഹൈക്കോടതിയിലെ ഗവ. പ്ലീഡർമാരായും ചാർജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അറുപതു വയസ്സ് പൂർത്തിയാവുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ നിയമിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

പ്രസ്തുത അഭിഭാഷകരുടെ ജോലിയും സേവന വേതന വ്യവസ്ഥകളും പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വ. ഇ.ജി. ഗോർഡൻ, എഴുത്തായിക്കൽ ഹൗസ്, കുമ്പളങ്ങി. പി.ഒ., കൊച്ചി-7, എറണാകുളം ജില്ല.
2. അഡ്വ. അജിത്ത് വിശ്വനാഥൻ, കാർത്തിക, അശോകാ റോഡ്, കല്ലൂർ, കൊച്ചി -17.
3. അഡ്വ. ബിനോയ് ഡേവിസ്, പല്ലത്ത് ഹൗസ്, വലിയ പല്ലംതുരുത്ത്, ചേന്ദമംഗലം. പി.ഒ., നോർത്ത് പറവൂർ, എറണാകുളം
4. അഡ്വ. ടോണി അഗസ്റ്റിൻ, കലത്തറ ഹൗസ്, വടുതല, കൊച്ചി -23
5. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
6. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
7. സെക്രട്ടറി, കേരള നിയമസഭ.
8. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
9. ബഹു.നിയമം, വ്യവസായം, കയർ, വകുപ്പ് മന്ത്രിയുടെ പി.എസ്.
10. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
11. നിയമ സെക്രട്ടറിയുടെ പി.എ.
12. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം
13. പൊതുഭരണ (എസ് സി ) വകുപ്പ് (മന്ത്രിസഭായോഗ തീരുമാനം, 18.01.2024 തീയതിയിലെ ഐറ്റം നം. 2000)
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
15. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
16. നിയമ (നോഡൽ) വകുപ്പ്.
17. നിയമ (മോണിറ്ററിങ്) വകുപ്പ്.
18. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth N B
സെക്ഷൻ ഓഫീസർ
Date: 19-01-2024 16:05:49

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2024

ഫയൽ നം. 186/ഇൻസ്പെ.1/2023/നിയമം. ഇനം നം: 2000

വിഷയം : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിലെ നിലവിലെ ഒരു സീനിയർ ഗവ. പ്ലീഡറുടെയും മൂന്ന് ഗവ. പ്ലീഡർമാരുടെയും ഒഴിവുകളിൽ പുതിയ നിയമനം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2000

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.186/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. ഹൈക്കോടതിയിലെ നിലവിലെ ഒരു സീനിയർ ഗവ. പ്ലീഡറുടെയും മൂന്ന് ഗവ. പ്ലീഡർമാരുടെയും ഒഴിവുകളിൽ പുതിയ നിയമനം - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/01/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/01/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/01/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/01/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/01/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡറായ ജോബി ജോസഫ്, ഗവ.പ്ലീഡർമാരായ അഡ്വ. ജേക്കബ് ഇ. സൈമൺ, അഡ്വ.ജോഷി താന്നിക്കമറ്റം, അഡ്വ.ജിമ്മി ജോർജ് എന്നീ അഭിഭാഷകർ രാജി വെച്ച ഒഴിവിലേയ്ക്ക് ബഹു. ഹൈക്കോടതിയിൽ ഒരു സീനിയർ ഗവ. പ്ലീഡറെയും മൂന്ന് ഗവൺമെന്റ് പ്ലീഡർമാരെയും നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 29-07-2021 തീയതിയിലെ G.O.(Ms).59/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ ഗവ. പ്ലീഡർമാരായി നിയമിതരായ അഡ്വ. ജേക്കബ് ഇ. സൈമൺ, ജോഷി താന്നിക്കമറ്റം, ജിമ്മി ജോർജ് എന്നീ അഭിഭാഷകരും 16-09-2021 തീയതിയിലെ G.O.(Ms).65/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവ. പ്ലീഡറായി നിയമിതനായ അഡ്വ. ജോബി ജോസഫ് എന്നിവർ രാജി സമർപ്പിച്ചിട്ടുള്ളതും ടി രാജി 03/01/2024 തീയതിയിലെ G.O.(Ms).01/2024/നിയമം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്.

3. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 & 6 എന്നിവ പ്രകാരം ഹൈക്കോടതിയിലേയ്ക്ക് ഗവൺമെന്റ് ലാ ഓഫീസർമാരെ മൂന്ന് വർഷ കാലവധിയിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ അയച്ചു തരുന്ന യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്നുമാണ് നിയമിക്കുന്നത്. കൂടാതെ ആയതിലേക്കായുള്ള നിയമനം നടത്തുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയുമാണ്.

4. ആയതിനാൽ ബഹു. ഹൈക്കോടതിയിൽ, ഒരു സീനിയർ ഗവ. പ്ലീഡറെ നിയമിക്കുന്നതിനായി അഭിഭാഷകരായി പ്രവർത്തി പരിചയമുള്ള മൂന്ന് അഭിഭാഷകരുടെ പാനലും മൂന്ന് ഗവ. പ്ലീഡർമാരെ നിയമിക്കുന്നതിനായി ഒൻപത് അഭിഭാഷകരുടെ വിവരങ്ങൾ അടങ്ങുന്ന പാനലും 26-12-2023 തീയതിയിലെ SS-GK2/2021/AG നമ്പർ കത്ത്

മുഖേന അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ളതാണ്. ആയത് താഴെ പറയും പ്രകാരമാണ്.-

**സീനിയർ ഗവ. പ്ലീഡർ .**

1. അഡ്വ. ഇ.ജി. ഗോർഡൻ,
എഴുത്തായിക്കൽ ഹൗസ്, കുമ്പളങ്ങി. പി.ഒ.,
കൊച്ചി.-7, എറണാകുളം ജില്ല.
2. അഡ്വ.സിത്താര എസ്.,
CC4/1548 A, പുല്ലുപാലം റോഡ്,
ഫോർട്ട് കൊച്ചി, എറണാകുളം-682 001.
3. അഡ്വ. ബിജോയ് ചെറിയാൻ,
പുതുശ്ശേരി ഹൗസ്, നിർമ്മൽ കോട്ടേജ്,
ഓൾഡ് റെയിൽവേ സ്റ്റേഷൻ റോഡ്,
എറണാകുളം, കൊച്ചി-18.

ടി മൂന്ന് അഭിഭാഷകരിൽ, ക്രമ നമ്പർ 1 ആയ അഡ്വ. ഇ.ജി. ഗോർഡൻ, സീനിയർ ഗവ. പ്ലീഡറായി നിയമിക്കപ്പെടാൻ ഏറ്റവും യോഗ്യതയുള്ള വ്യക്തിയാണെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**ഗവ. പ്ലീഡർമാർ**

1. അഡ്വ. അജിത്ത് വിശ്വനാഥൻ,
കാർത്തിക, അശോകാ റോഡ്,
കല്ലൂർ, കൊച്ചി -17
2. അഡ്വ. ബിനോയ് ഡേവിസ്,
പല്ലത്ത് ഹൗസ്, വലിയ പല്ലംതുരുത്ത്,
ചേന്ദമംഗലം. പി.ഒ.,
നോർത്ത് പറവൂർ, എറണാകുളം
3. അഡ്വ. ടോണി അഗസ്റ്റിൻ,
കലത്തറ ഹൗസ്,
വടുതല, കൊച്ചി -23
4. അഡ്വ. പി.യു. വിനോദ് കുമാർ,
പള്ളിയിൽ ഹൗസ്,
കോട്ടുവള്ളി, കൈതാരം പി.ഒ.,
നോർത്ത് പറവൂർ, എറണാകുളം -19
5. അഡ്വ. രാജി റ്റി. ഭാസ്കർ
ജി.2., ബ്ലോക്ക് നം. 2,
ഈസ്റ്റ്ലാൻഡ് എൻക്ലേവ്,
എളംകുളം, കടവന്തറ പി.ഒ.,
കൊച്ചി- 20.
6. അഡ്വ. എ.സി. വിദ്യ,
ഇ.വി. നയനാർ അസോസിയേറ്റ്സ്,
43/410 എ,
പവർഹൗസ് എക്സ്റ്റെൻഷൻ റോഡ്,
കൊച്ചി -18

7. അഡ്വ. നീതു പ്രേം
4 ഡി., ശാന്തി സവീര, വാരിയം റോഡ്,
കൊച്ചി -16
8. അഡ്വ. സിജി കെ. പോൾ,
കീർത്തി വില്ല,
സെന്റ് ഫ്രാൻസിസ് ചർച്ച് റോഡ്,
കല്ലൂർ, കൊച്ചി -17
9. അഡ്വ. റിജി രാജേന്ദ്രൻ,
15 ഡി., വീഗാലാൻഡ് പെറ്റുനിയ,
കല്ലൂർ, കൊച്ചി -17.

ടി ഒൻപത് അഭിഭാഷകരിൽ, ക്രമ നമ്പർ (1) ആയ അഡ്വ. അജിത്ത് വിശ്വനാഥൻ, ക്രമ നമ്പർ (2) ആയ അഡ്വ. ബിനോയ് ഡേവിസ്, ക്രമ നമ്പർ (3) ആയ അഡ്വ. ടോണി അഗസ്റ്റിൻ എന്നീ അഭിഭാഷകർ ഗവ. പ്ലീഡർമാരായി നിയമിക്കപ്പെടുവാൻ ഏറ്റവും യോഗ്യതയുള്ളവരാണെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഒരു സീനിയർ ഗവൺമെന്റ് പ്ലീഡറുടെ ഒഴിവിലേയ്ക്കും മൂന്നു ഗവൺമെന്റ് പ്ലീഡറുടെ ഒഴിവിലേയ്ക്കും അഡ്വക്കേറ്റ് ജനറൽ അയച്ചു തന്ന പാനലിൽ നിന്നും നിയമനം നടത്താവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം പാനലിലെ അഡ്വ. ഇ.ജി. ഗോർഡൻ, എഴുത്തായിക്കൽ ഹൗസ്, കുമ്പളങ്ങി. പി.ഒ., കൊച്ചി-7, എറണാകുളം ജില്ല-യെ സീനിയർ ഗവ. പ്ലീഡറായും അഡ്വ. അജിത്ത് വിശ്വനാഥൻ, കാർത്തിക, അശോകാ റോഡ്, കല്ലൂർ, കൊച്ചി -17 (ക്രമ നമ്പർ 1), അഡ്വ. ബിനോയ് ഡേവിസ്, പല്ലത്ത് ഹൗസ്, വലിയ പല്ലംതുരുത്ത്, ചേന്ദമംഗലം. പി.ഒ., നോർത്ത് പറവൂർ, എറണാകുളം (ക്രമ നമ്പർ 2), അഡ്വ. ടോണി അഗസ്റ്റിൻ, കലത്തറ ഹൗസ്, വടുതല, കൊച്ചി -23 (ക്രമ നമ്പർ 3) എന്നീ അഭിഭാഷകരെ ഗവ. പ്ലീഡർമാരായും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നത്

സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 10-01-2024 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

1) അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം ബഹു. ഹൈക്കോടതിയിൽ നിലവിൽ ഒഴിവുള്ള ഒരു സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തികയിലേക്ക് അഡ്വ. ഇ.ജി. ഗോർഡൻ, എഴുത്തായിക്കൽ ഹൗസ്, കുമ്പളങ്ങി. പി.ഒ., കൊച്ചി-7, എറണാകുളം ജില്ല-യെ ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമിക്കാവുന്നതാണോ ?

2) അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം ബഹു. ഹൈക്കോടതിയിൽ നിലവിൽ ഒഴിവുള്ള മൂന്ന് ഗവ.പ്ലീഡർമാരുടെ തസ്തികകളിലേയ്ക്ക് അഡ്വ. അജിത്ത് വിശ്വനാഥൻ, കാർത്തിക, അശോകാ റോഡ്, കല്ലൂർ, കൊച്ചി -17, അഡ്വ. ബിനോയ് ഡേവിസ്, പല്ലത്ത് ഹൗസ്, വലിയ പല്ലംതുരുത്ത്, ചേന്ദമംഗലം പി.ഒ., നോർത്ത് പറവൂർ, എറണാകുളം, അഡ്വ. ടോണി അഗസ്റ്റിൻ, കലത്തറ ഹൗസ്, വടുതല, കൊച്ചി -23 എന്നീ അഭിഭാഷകരെ ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമിക്കാവുന്നതാണോ ?